കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

email:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.7/1491/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 11.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരഞ്ഞോളി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ വഴി)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം )

3)കാര്യാലയ പകർപ്പ്

കെ എസ് എ.കെ എൻ ആർ/സി.7/1491/2017 തിയ്യതി: 11.10.2017

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് 19.11.2016 മുതൽ 31.7.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് ,വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണംപിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 1.8.2017മുതൽ<br>9.8.2017വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഉഷ.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീമതി.വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.രമ്യ.എ.കെ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.പത്മരാജൻ.പി.ടി | 1.4.2016 മുതൽ 31.5.2016 വരെ |
| | ശ്രീ.ഭാസ്കരൻ.കെ | 1.6.2016മുതൽ 29.12.2016 വരെ(അധികചുമതല) |
| | ശ്രീ.കെ.മധുമോഹനൻ | 30.12.2016മുതൽ 31.3.2017വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
|---|---|---|---|
| കൃഷി ഓഫീസർ | | ശ്രീമതി ലീന.എ.കെ | 1.4.2016മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | എരഞ്ഞോളി | ശ്രീ.ബിപിൻ ചന്ദ്ര വി.ബി | 1.4.2016മുതൽ 31.3.2017വരെ |
| | വടക്കുംമ്പാട് | ശ്രീമതി.ബിഷ.ടി.പി | 1.4.2016മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജ്ജൻ | | ഡോ.ദീപ.എ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | | ഡോ.ഫഹദ് നിജിൽ | 1.4.2016മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ | | ഡോ.ഷിനി.കെ.കെ | 1.4.2016മുതൽ 31.3.2017വരെ |

| | | |
|---|---|---|
| ആയ്യുർവേദം | | |
| ഹെഡ്മാസ്റ്റർ | ശ്രീ.രമേശൻ.കെ | 1.4.2016മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഭാസ്കരൻ.കെ | 1.4.2016മുതൽ 31.3.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ജയരാജ്.പി | 1.4.2016മുതൽ 31.3.2017വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.രജനി.പി.വി | 1.4.2016മുതൽ 31.3.2017വരെ |

ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം1പൊതുഅവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-12 |
| 13 | ദുരിതാശ്വാസ നിധി | 1-13 |
| | ഭാഗം - 2<br>വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം | 2-1 |
| 15 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാത്തത് | 2-2 |
| 16 | ഭാഗം-III<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | ഓണം മുൻകൂർ -തുക തിരിച്ചടക്കാത്തത് സംബന്ധിച്ച്. | 3-1 |
| 18 | തെരുവ് വിളക്ക് ലൈൻ വലിക്കൽ --പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-2 |

| | | |
|---|---|---|
| | | |
| 19 | തെരുവ് വിളക്കുകളുടെ ചാർജ്ജ് - സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. | 3-3 |
| 20 | ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -32,463 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. | 3-4 |
| 21 | സാന്ത്വനം പദ്ധതി - മരുന്ന് ലഭ്യമായില്ല | 3-5 |
| 22 | വാഹനവാടക നൽകുന്നതിനു മാത്രമായി പ്രോജക്ട് ₹ 20,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | മഴക്കാല പൂർവ ശുചീകരണം -വരവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 1,71,650രൂപ തടസ്സപ്പെടുത്തുന്നു. | 3-7 |
| 24 | ക്രമപ്പെടുത്താത്ത മുൻകൂറിന്റെ വിവരം | 3-8 |
| 25 | നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്. | 3-9 |
| 26 | കാലി ബാരൽ വില , കരാർ ദീർഘീകരണ പിഴഎന്നിവ ഈടാക്കാത്തത് | 3-10 |
| 27 | കരാർ വയ്ക്കാൻ വൈകിയത്- പിഴ ഈടാക്കിയിട്ടില്ല | 3-11 |
| 28 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-12 |
| | ഭാഗം-IV | |

| | | |
|---|---|---|
| | ഓഡിറ്റ് പ്രത്യവലോകനം | |
| 29 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | ഓഡിറ്റ് ഇംപാക്ട് | 4-9 |
| 38 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 39 | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| 40 | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| 41 | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |

| | | |
|---|---|---|
| 42 | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.2.2016 തീയതിയിലെ 26/2016 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ്പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ളത് | റിവൈസ്ഡ് ബജറ്റ് |
|---|---|---|---|
| മുന്നിരിപ്പ് | 74,78,799.28 | 1,57,12,990.28 | 1,72,65,373.28 |
| വരവ് | 4,72,88,933.00 | 3,33,37,891.00 | 9, 15,52,000.00 |
| ആകെ | 5,47,67,732.28 | 4,90,50,881.28 | 10,88,17,373.28 |
| ചെലവ് | 4,79,22,240.00 | 3,06,36,907.00 | 9,32,67,000.00 |
| നീക്കിയിരിപ്പ് | 68,45,492.28 | 1,84,13,974.28 | 1,55,50,373.28 |

ബജറ്റിൽ ഡി ബി ടി വഴി മാറിയ പെൻഷൻ, എം എൻ ആർ ഇ ജി എസ് (ഇ എഫ് എം എസ് ) എന്നിവ ഉൾപ്പെടെ ആയതിനാലും, എന്നാൽ റസീറ്റ്& പെയ്മെന്റ് വരവ് ചെലവ് ഇവ ഒഴികെ ആയതിനാലും ബജറ്റും , വാർഷീക ധനകാര്യപത്രികയുമായി താരതമ്യം ചെയ്തിട്ടില്ല

.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.7.2017 | 27.6.2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന്കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തരം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|
| 2016-17 | 2.8. 2017 | വിശേഷണങ്ങളോട് കൂടിയത് | ഇതേ റിപ്പോർട്ട് നം തീയതി |

വാർഷീക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ

1. വസ്തുനികുതി നീക്കിയിരിപ്പ്, വസ്തുനികുതി കുടിശ്ശിക എന്നിവ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

2. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് രജിസ്റ്ററും സാംഖ്യയുമായി പൊരുത്തപ്പെടുന്നില്ല.

3.ബ്ലോക്ക് പഞ്ചായത്ത് മുന്നിരിപ്പ് സാംഖ്യയും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4.ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റിന്റെ ഇനം തിരിച്ചുള്ള വാർഷിക സംക്ഷിപ്തം എഴുതിയിട്ടില്ല. ആയതിനാൽ B7 ലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5.വൗച്ചറുകൾ ഫണ്ട് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല.

# 1-4 സാമ്പത്തികവിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 1,57,12,990.28 |
| വരവ് | 3,33,37,891.00 |
| ആകെ | 4,90,50,881.28 |
| ചെലവ് | 3,06,36,907.00 |
| നീക്കിയിരിപ്പ് | 1,84,13,974.28 |

# 1-5 ഫണ്ട് വിനിയോഗം

1-5ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട് മെന്റ് | ആകെ തുക | ചെലവ് തുക | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9035224.00 | 9035224.00 | 7703761.00 | 1331463.00 | | 85.26 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 619365.00 | 619365.00 | 466847.00 | 152518.00 | | 75.37 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4660224.00 | 4660224.00 | 1843169.00 | 2817055.00 | | 39.55 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2551449.00 | 2551449.00 | 1621104.00 | 930345.00 | | 63.53 |
| ധനകാര്യ കമ്മീഷൻ | 0 | 5068122.00 | 5068122.00 | 1411451.00 | 3656671.00 | | 27.84 |

| | | | | | | | |
|---|---|---|---|---|---|---|---|
| അവാർഡ് | | | | | | | |
| ലോകബാങ്ക് സഹായം | 8,866.00 | 2653527.00 | 2662393.00 | ഇല്ല | | *2662393.00 | 0 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1224.89.00 | 391529.00<br>* *(വരവ്) | 392753.89 | 390701.00 | | 2052.89 | 99.47 |
| ബിഫണ്ട് | | 4,36,67,210.00 | 4,36,67,210.00 | 4,36,67,210.00 | | | 100 |

* ലോക ബാങ്ക് ഫണ്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 29.12.2017 വരെ സർക്കാർ ദീർഘിപ്പിച്ച് നൽകിയതിനാൽ ഫണ്ട് ലാപ്സായിട്ടില്ല.

** മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിവരവ് രജിസ്റ്ററും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 118 | 3,76,38,061 | 76 | - | 1,81,48,913 | 42 | 64 |

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 21 | 11 | 31,11,684 | 20,10,007 | 64.59 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 44 | 16 | 2,06,37,316 | 45,29,116 | 21.94 |
| 3 | കൃഷി ഓഫീസർ | 9 | 9 | 22,22,760 | 22,01,000 | 99.02 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 13 | 33,12,559 | 19,72,000 | 59.53 |
| 5 | വെറ്ററിനറി സർജ്ജൻ | 6 | 6 | 6,28,000 | 5,68,000 | 90.44 |
| 6 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 3 | 2 | 5,63,532 | 4,75,531 | 84.38 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 9,40,000 | 9,28,000 | 98.72 |
| 8 | ഹെഡ്മാസ്റ്റർ | 3 | 3 | 11,48,749 | 11,12,389 | 96.83 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 11,94,493 | 7,30,920 | 61.19 |
| 10 | ഐ സി ഡി എസ് സൂപ്പർവൈസർ | 5 | 5 | 38,78,968 | 36,21,950 | 93.37 |
| | ആകെ | 118 | 76 | 3,76,38,061 | 1,81,48,913 | 48.21 |

# 1-7 തനത് വരുമാനം

തനതു വരുമാനത്തിൽ ,മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ട്.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |

| | | | | | |
|---|---|---|---|---|---|
| നികുതി വരവുകൾ | 39,69,018 | 56,03,179 | 16,34,161 | | 41.17 |
| നികുതിയേതര വരവുകൾ (ഫീസുകൾ) | 1,96,096 | 2,50,241 | 54,145 | | 27.61 |
| മറ്റ് വരവുകൾ | 2,65,638 | 4,48,167 | 1,82,529 | | 68.71 |
| ആകെ | 44,30,752 | 63,01,587 | 18,70,835 | | 42.22 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 34,320 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 18,28,360 | 199 |
| വിധവാപെൻഷൻ | 1,21,25,980 | 1031 |
| വാർദ്ധക്യകാലപെൻഷൻ | 2,24,48,870 | 2190 |
| വികലാംഗപെൻഷൻ | 23,26,720 | 238 |

| | | |
|---|---|---|
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 42,12,690 | 391 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 6,90,000 | 23 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 7.7.2017 | 1.4.2017 മുതൽ 30.6.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.2.2008 മുതൽ 16.2.2008 വരെ | 1997-98 മുതൽ 2006-07 വരെ | 10.4.2008 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3.8..2017 അപരാഹ്നം 2.45ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹2,285 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ഗ്രാമസഭ

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മിക്ക വാർഡുകളിലും 4 തവണ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭയോഗങ്ങളിൽ ക്വാറം തികയാനുള്ള ജനപങ്കാളിത്തം മാത്രമാണുള്ളത്.

| യോഗം ചേർന്ന തീയതി | വിഷയം |
|---|---|
| 7/2016 | 2015-16 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ |
| | പ്രധാനമന്ത്രി ആവാസ് യോജന ഗുണഭോക്തൃപട്ടികഅംഗീകരിക്കൽ |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് |
| | ശുചിത്വസാക്ഷരത യജ്ഞം |
| 10/16 | 2016-17 വാർഷീക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ |
| | സാമൂഹ്യസുരക്ഷപെൻഷൻഗുണഭോക്തൃപട്ടികഅംഗീകരിക്കൽ |
| | കേരളസംസ്ഥാനഓഡിറ്റ് റിപ്പോർട്ട് ചർച്ച , |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ് അംഗീകരിക്കൽ -2017-18 |
| 11/16 | കരട് വോട്ടർപട്ടിക അംഗീകരിക്കൽ |
| 11 വാർഡുകളിൽ 3/17 ലും 5 വാർഡുകളിൽ 4/17 ലുമാണ് യോഗതീയതി | 13-ാം പദ്ധതി കരട് വികസന രേഖ അംഗീകരിക്കൽ |
| | 2017-18 വാർഷീക പദ്ധതി കരട് പദ്ധതി രേഖ അംഗീകരിക്കൽ |
| | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് അംഗീകരിക്കൽ |
| | പ്ലാസ്റ്റിക് നിരോധനം,കുടിവെള്ളം ,വരൾച്ച ,ദുരിതാശ്വാസം |
| | 2016-17 ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ |

ഭരണ നിർവഹണത്തിന്റെ അടിത്തറയായ ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്

## 1-12 ആഭ്യന്തര നിയന്ത്രണം

1994ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചയത്ത് ഡയരക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ സെക്രട്ടറി ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയതായി കണ്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഈകാലയളവിൽ പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല.ആകെ 4 പ്രാവശ്യം മാത്രമാണ് യോഗം ചേർന്നത്. 12/16,1/17,2/17,3/17 എന്നീ മാസങ്ങളിൽ യോഗം ചേർന്നിട്ടില്ല.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(രണ്ട്) ഓഫീസ് ഉത്തരവ് : ഓഡിറ്റ് കാലയളവിൽ ആകെ 4 ഉത്തരവുകൾ മാത്രമാണ് പുറപ്പെടുവിച്ചത്. 11/16 മുതൽ 3/2017 വരെ ഒരു ഓഫീസ് ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല നികുതി പിരിവിന്റെ അന്തിമ ഘട്ടത്തിൽ പോലും ജീവനക്കാർക്ക് ആവശ്യമായ ചുമതലകൾ എല്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാത്തത് ശരിയായ നടപടിയല്ല.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് : കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

## 1-13 ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിദാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രകൃതി ക്ഷോഭം രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദേശത്തോടെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തണമെന്ന് പ്രസ്തുത ആക്ട്

സെക്ഷൻ 3(2) വ്യക്തമാക്കിയിച്ചുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഇതിനായി കതിരൂർ സർവ്വീസ് സഹകരണബാങ്കിൽ 2010 ൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ 31.3-2017-ന് ₹ 38,761 നീക്കിയിരിപ്പുണ്ട്. നിധി ആരംഭിച്ച വർഷം മാത്രമെ സംഭാവന സ്വീകരിച്ചിട്ടുള്ളൂ. ഇതുവരെയായി ഒരുവ്യക്തിയ്ക്ക് മാത്രമാണ് ധനസഹായം നൽകിയത് . ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ ഒരു സബ്കമ്മിറ്റി പരിശോധിച്ച് അർഹരായവർക്ക് ധനസഹായം നൽകുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം അടിയന്തിരഘട്ടങ്ങളിൽ അപേക്ഷയുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് അർഹരായ വ്യക്തികൾക്ക് അല്ലെങ്കിൽ കുടുംബത്തിന് 500 വരെ ധനസഹായം നൽകാവുന്നതാണ്. 2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട്. പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമ പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ട് സ്വരൂപിച്ച ദുരിതാശ്വാസ നിധിയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ലൈസൻസ് പുതുക്കുന്നതിൽ കാലതാമസം

1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം10പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുൻപായി പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. 2016-17വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 271 സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം സ്ഥാപനങ്ങളും 2017 മാർച്ച് മാസത്തിലും ഫെബ്രുവരി മാസത്തിലുമാണ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കുന്നത്.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം | പേര്,സ്ഥാപനം | വാർഡ്,കെട്ടിടനം | അപേക്ഷ നൽകിയതീയ്യതി |
|---|---|---|---|
| 1 | പ്രദീപ്കുമാർ വെങ്ങരോത്ത്<br>പ്രകീർത്ത്<br>പെരുന്താറ്റിൽ പി.ഒ<br>എരഞ്ഞോളി<br>അരി,പലവ്യഞ്ജനം,പച്ചക്കറി,സ്റ്റേഷനറി സാധനങ്ങൾ | XI/57 | 28-02-17 |

| | | | |
|---|---|---|---|
| 2 | സംജിത്ത് കെ കെ<br>മാധവീയം<br>മൂന്നാം മൈൽ<br>ആയുർവേദ മരുന്ന വിൽപന | IX/162 | 03-03-17 |
| 3 | കല്ലൻ ബാലൻ<br>എകരംപറമ്പത്ത് വീട്<br>പുല്ല്യോട്<br>ചായക്കച്ചവടം | III/80 | 10-03-17 |
| 4 | സുമേഷ് ടി<br>വള്ള്യന്റവിട വടക്കുമ്പാട്<br>അലൂമിനിയം ഫാബ്രിക്കേഷൻ | XV/356 | 17-03-17 |
| 5 | ആച്യത്ത് അനന്തൻ<br>പൊന്നങ്ങാറത്ത്<br>അരി,പലവ്യഞ്ജനം,പച്ചക്കറി,സ്റ്റേഷനറി സാധനങ്ങൾ | II/298 | 21-03-17 |

ഇത് 1996ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 5,10 എന്നിവയുടെ ലംഘനമാണ്. ഇപ്രകാരം ഡി&ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 255വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിന് 1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം2കാണുക.)

## 2-2 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യാത്തത്

2016-17 വർഷത്തിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറംവില ₹ 20,200 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെഅക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില |
|---|---|---|
| 1 | കമ്മ്യൂണിറ്റി ഹാൾ പുളിഞ്ഞോളിക്കടവ്റോഡ് | 1,050 |

| | | |
|---|---|---|
| | ടാറിംഗ്&ഡ്രൈയ്നേജ് | |
| 2 | കുടക്കളം സ്കൂൾചക്കാലമുക്ക് റോഡ് | 1,250 |
| 3 | തെണ്ടംകണ്ടിതുയ്യത്ത് ബാങ്ക് കോളനി റോഡ്ടാറിംഗ് | 1,400 |
| 4 | വള്ളിൽനരമ്പത്ത് റോഡ്ടാറിംഗ് &ഡ്രൈയ്നേജ് | 1,500 |
| 5 | നവജ്യോതി വായനശാല ആയുർവേദ ഡിസ്പെൻസറി റോഡ് ടാറിംഗ് | 1,450 |
| 6 | മുതിരക്കണ്ടി -പന്ന്യോട്ട്സ്കൂൾ റോഡ് ടാറിംഗ് | 1,400 |
| 7 | ആയുർവേദഡിസ്പെൻസറി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 4,200 |
| 8 | സലാല സിവി മുക്ക് റോഡ് ടാറിംഗ് | 1,350 |
| 9 | പാലങ്കിപറമ്പ് എഞ്ചിനിയറിംഗ് കോളേജ് റോഡ് ടാറിംഗ് | 1,050 |
| 10 | തോട്ടുമ്മൽ മൂർക്കഞ്ചിറ – എസ് എൻ പുരം റോഡ് ടാറിംഗ് | 1,650 |
| 11 | കുണ്ടാഞ്ചേരി റോഡ് ടാറിംഗ് | 1,200 |
| 12 | മുള്ളൂർ കുറ്റിക്കാട്ടിൽ റോഡ് ടാറിംഗ് | 1,200 |

| | | |
|---|---|---|
| 13 | ഏനാരത്ത് വയലിൽ പീടിക റോഡ് ടാറിംഗ് & ഡ്രൈനേജ് | 1,500 |
| | ആകെ | 20,200 |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഓണം മുൻകൂർ -തുക തിരിച്ചടക്കാത്തത് സംബന്ധിച്ച്.

ബിൽ നം 375 തീയതി 16.9.16 പ്രകാരം ശ്രീ ശശീന്ദ്രൻ വലിയമുറ്റത്ത്, ഡ്രൈവർ(ഗേഡ് 2) ന് ₹ 15,000 രൂപ ഓണം അഡ്വാൻസ് അനുവദിച്ചിരുന്നു. 3,000 രൂപ വീതം രണ്ട് ഗഡുക്കളായി 6000 രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. 9,000 രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാൻ വകുപ്പ് വിട്ടു പോവുകയും ഇപ്പോൾ നിയമനം ലഭിച്ച ജെയിൽ വകുപ്പിൽ തുക ഒടുക്കിയിട്ടുണ്ടെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. മുൻകൂർ തുക യഥാസമയം പഞ്ചായത്ത് ഫണ്ടിൽ അടവാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുക ഒടുക്കിയതിന്റെ വിവരം രശീത് സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് .

### 3-2 തെരുവ് വിളക്ക് ലൈൻ വലിക്കൽ --പ്രവൃത്തി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പദ്ധതിയുടെ നമ്പർ-എസ്.ഒ. 48 /16-17 തെരുവ് വിളക്ക് ലൈൻ വലിക്കൽ.

വികസന ഫണ്ട്- ₹ 540000

തനത് ഫണ്ട് --- ₹ 504065

ആകെ അടങ്കൽ -- ₹ 1044065

ചെലവ്- ₹ 1044065

ബിൽ നം -- 24/16-17, 16/3/17 ₹540000

ചെക്ക് നം8333645 , 3.3.17. ₹ 75600

ചെക്ക് നം8333662 ,16.3.17. ₹ 428465

നിർവഹണം- സെക്രട്ടറി.

2016-2017 വർഷം എരഞ്ഞോളി ഗ്രാമപഞ്ചായത്തിലെ തലശ്ശേരി ഇലക്ട്രിക്കൽ സബ്ഡിവിഷന്റെ പരിധിയിൽ ഉള്ള10 വാർഡുകളിലെ 26 സ്ഥലങ്ങളിലേക്കും,ധർമ്മടം ഇലക്ട്രിക്കൽ

സബ്ഡിവിഷന്റെ പരിധിയിലെ 8 വാർഡുകളിലെ 18 സ്ഥലങ്ങളിലെക്കും തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നതിന് വേണ്ടിയാണ് പദ്ധതിയിൽ തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി വികസന ഫണ്ടിൽ നിന്ന് 540000 രൂപയും, തനത് ഫണ്ടിൽ നിന്ന് 504065 രൂപയും ഉൽപ്പെടെ 1044065 രൂപ കെ. എസ്.ഇ.ബിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. 31. 3.17. ലെ കരാർ ഉടമ്പടി പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള ജോലികൾ 6 മാസത്തിനകം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെയായി ലൈൻ വലിക്കൽ പ്രവൃത്തി തുടങ്ങുക പോലും ചെയ്തിട്ടില്ല എന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട എൻക്വയറിക്ക് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത് . (ഓഡിറ്റ് അന്വേഷണം നം. 6 തീയതി 3.8.2017 ).

കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 തെരുവ് വിളക്കുകളുടെ ചാർജ്ജ് - സംയുക്ത പരിശോധന റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

2016-17 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ പ്രതിമാസം ₹ 56,461 ചെലവ് വരുന്നുണ്ട്.വിശദ വിവരം ചുവടെ കൊടുക്കുന്നു.

1.തലശ്ശേരി ഇലക്ക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഉള്ള തെരുവ് വിളക്കുകൾക്ക് പ്രതിമാസം 38,614 രൂപയും.

2.ധർമ്മടം ഇലക്ക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ ഉള്ള തെരുവ് വിളക്കുകൾക്ക് പ്രതിമാസം 16,858 രൂപയും.

3 .ചോനാടം ഹൈമാസ്റ്റ് തെരുവ് വിളക്കിന് പ്രതിമാസം 989 രൂപ.യും ഒടുക്കുന്നു. കത്തുന്ന തെരുവ് വിളക്കുകൾക്ക് മാത്രമെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി. നൽകുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് ചാർജ്ജ് ഒടുക്കുന്നത്. ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് കാലികമാക്കി ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കത്തുന്ന തെരുവ് വിളക്കുകൾക്ക് മാത്രമെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ -32,463 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

നിർവ്വഹണം--മെഡിക്കൽ ഓഫിസർ -ഗവ : ആയുർവേദ ഡിസ്പെൻസറി

പ്രൊജക്ട് നം---എസ്.ഒ. 115/2017.

അടങ്കൽ ---₹ 5,00,000 (മെയിന്റനൻസ് ഫണ്ട് റോഡിതരം )

-₹ 3,00,000 (തനത് ഫണ്ട്)

ചെലവ്--- ₹ 8,00,000

ബിൽ നം --1 / 16-17 ,18.10.16 -5,00,000.

ചെക്ക് നം---5811462 ,19.10.2016 -3,00,000.

രസീത് നം --88 /330 ,21/10/16 -500000 /.

രസീത് നം --89/331 ,21/10/16 -300000 /.

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ ഗവ.ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിക്ക് ഡി.ഡി നം.040571, 18.10.16 പ്രകാരം 5,00,000 രൂപയും, ചെക്ക് നമ്പർ 5811462 തീ.19.10.2016 പ്രകാരം 3,00,000 രൂപയും നൽകിയിട്ടുണ്ട്.

എന്നാൽ നാളിതുവരെയായി 767537 രൂപയുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളു. ബാക്കി 32463 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-5 സാന്ത്വനം പദ്ധതി - മരുന്ന് ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,പി എച്ച് സി

പ്രോജക്ട് നമ്പർ & പേര് :24/17 സാന്ത്വനം

അടങ്കൽ : 4,83,532/- (വികസന ഫണ്ട്)

ആകെ ചെലവ് : 4,55,531/-

ബിൽ നമ്പർ&തീയ്യതി : 10/16-17/28-03-17 ചെലവ് 2,10,000/-

സാന്ത്വനം പദ്ധതി പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി മുകളിൽ കൊടുത്ത പ്രകാരം 2,10,000/- രൂപ പിൻവലിച്ച് KMSCLന് കൈമാറിയിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖ പ്രകാരം DMO യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിനു ശേഷം മാത്രമേ പ്രോജക്ട് തയ്യാറാക്കാൻ പാടുള്ളൂ. ആയത് പാലിച്ചിട്ടില്ല. മരുന്ന് ഇതുവരെയായി ലഭിച്ചിട്ടില്ല.മരുന്നുകൾ ലഭിക്കുന്നതിനു പലപ്പോഴും ദീർഘമായ കാലതാമസം നേരിടുന്നതായും ഇത് സാന്ത്വന പരിചരണത്തിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയുണ്ടായി. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 വാഹനവാടക നൽകുന്നതിനു മാത്രമായി പ്രോജക്ട് ₹ 20,000/- രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,പി എച്ച് സി

പ്രോജക്ട് നമ്പർ&പേര് :26/17 ആരോഗ്യപരിപാടി വാഹനവാടക(വിദ്യാലയ ആരോഗ്യ പരിപാടി,അന്യസംസ്ഥാന തൊഴിലാളികൾക്ക് പ്രതിരോധ കുത്തിവെയ്പ്പ്)

അടങ്കൽ : 20,000/- വികസന ഫണ്ട്

ചെലവ് : 20,000/-

ബിൽ നമ്പർ&തീയ്യതി : 7/16-17/07-03-17

ദേശീയാരോഗ്യ പരിപാടികളുടെ ഭാഗമായി നടത്തുന്ന രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് വാഹനവാടക നൽകുന്നതിനു വേണ്ടിയാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇപ്രകാരം വാഹനവാടക നൽകുന്നതിനു മാത്രമായി ഒരു പ്രോജക്ട് തയ്യാറാക്കിയതിന്റെ സാഹചര്യം വിശദമാക്കിയിട്ടില്ല. വാഹനവാടക നിശ്ചയിച്ചതെങ്ങനെയെന്ന വ്യക്തമല്ല.ക്വട്ടേഷൻ വിളിച്ചതായി കാണുന്നില്ല. വികസന ഫണ്ടിൽ നിന്നും മേൽ ചെലവ് നിർവ്വഹിച്ചത് സംബന്ധിച്ച് ഉത്തരവുകളൊന്നും ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിനൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ 20,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 മഴക്കാല പൂർവ ശുചീകരണം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 1,71,650രൂപ തടസ്സപ്പെടത്തുന്നു.

നിർവഹണം ------സെക്രട്ടറി.

ചെലവ് --- ₹ 91650 (ശുചിത്വമിഷൻ ) ബിൽ നം .325 തീയതി 26.8.16

----- ₹ 80000 (പഞ്ചായത്ത് ഫണ്ട്) ചെക്ക് നം. 1950 തീയതിഃ 17.11.2016

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ വാർഡ് ശുചിത്വ സമിതികൾക്ക് കൈമാറുന്നതിനായി 171650 രൂപ മെഡിക്കൽ ഓഫീസർ പ്രൈമറി ഹെൽത്ത് സെന്ററിന് മേൽ പറഞ്ഞ പ്രകാരം തുക അനുവദിച്ചിരുന്നു. പഞ്ചായത്ത് ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 5000 രൂപ വീതം 16 വാർഡുകളിലേക്കായി 80000 രൂപയും ശുചിത്വ മിഷനിൽ നിന്നുള്ള 91650 രൂപയും ഇതിൽ ഉൾപ്പെടുന്നു. സർക്കുലർ നം 201/ dc2016/lsgd ,1/4/16 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണോ ചെലവും പ്രവർത്തനവും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല മാർഗ്ഗനിർദ്ദേശപ്രകാരമുള്ള വിനിയോഗ സാക്ഷ്യപത്രം, എല്ലാ വാർഡുകളിലേയും ചെലവ് രേഖകൾ എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുക 1,71,650 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-8 ക്രമപ്പെടുത്താത്ത മുൻകൂറിന്റെ വിവരം

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം ₹ 1,97,615 മുൻകൂർ ക്രമീകരിയ്ക്കാതെ ബാക്കിയുണ്ട്. ആയത് ക്രമീകരിക്കേണ്ടതാണ്.വിശദ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | വർഷം |
|---|---|---|---|---|
| 1 | ബഡ്സ് റിഹാബിലിറ്റേഷൻ പദ്ധതി | അസിസ്റ്റന്റ് സെക്രട്ടറി | 1,17,615 | 2016-17 |
| 2 | മഴക്കാല പൂർവ്വ ശുചീകരണം | മെഡിക്കൽ ഓഫീസർ ,പി എച്ച് സി | 80,000 | ലഭ്യമല്ല |

## 3-9 നിശ്ചയിച്ച കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാത്തത്.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

നിശ്ചിത കരാർ കാലാവധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും. 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ (ജി.ഒ. (പി) 13/2012 /P.W.D/ 01-02-2012) സെക്ഷൻ 2112-1 അനുസരിച്ചുള്ള പിഴ താഴെ പറയുന്ന പ്രവൃത്തിയിൽ നിന്നു ഈടാക്കിയിട്ടില്ല.

പുതുക്കിയ മരാമത്ത് മാന്വൽ ആനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരം നിശ്ചിത കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരനിൽ നിന്നും ആകെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് നിശ്ചയിച്ച കാലയളവിന്റെ 25% ദിവസങ്ങൾ പി.എ.സി. തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും, അടുത്ത 25% സമയം പി.എ.സി തുകയുടെ 2% പിഴചുമത്തിക്കൊണ്ടും നിർവ്വഹിക്കുവാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കുന്നതിൽ പ്രസ്തുത വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 89/16 |
| പ്രൊജക്റ്റ് - | മുണ്ടോളി വയൽ കിണർ,കുളിമുറി നിർമ്മാണം |
| പ്രോജക്റ്റ് ചെലവ് | 1,39,539 |
| ബിൽ നം. | 1/20.3.2017 |
| പി.എ.സി. തുക | 1,29,791 |
| കരാറുകാരൻ | ശ്രീ.രഘുറാം |
| എം.ബുക്ക് | 42/15-16 |
| എഗ്രിമെന്റ് | AE/LSGD/ERY-25/15-16 തീയതി 31/12/2015 |
| പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുത്ത തീയതി | 11.1.2016 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തികരിക്കേണ്ട തീയതി | 31.3.2016 |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 22.4.2016 |

മേൽ പ്രവൃത്തിയുടെ ഫയലുകൾ അനുസരിച്ച് 31-3--2016 ന് പൂർത്തിയാക്കേണ്ടുന്ന പ്രവൃത്തി പൂർത്തിയായത്22.4.2016ന് മാത്രമാണ്.(ഏറ്റവും ഒടുവിൽ ചെക്ക്മെഷർ ചെയ്ത തീയതി പ്രകാരം) ഇതനുസരിച്ച് 22 ദിവസത്തെ കാലതാമസം പ്രവൃത്തി പൂർത്തിയാക്കുവാൻ ഉണ്ടായിട്ടുണ്ട്. പൊതുമരാമത്തിന്റെ പുതുക്കിയ മാന്വൽ പ്രകാരം താഴെപറയുപ്രകാരം പിഴ ഈടാക്കേണ്ടതുണ്ട്.

ആദ്യത്തെ 25% സമയത്തിന് പി.എ.സി. തുകയുടെ 1% വും, രണ്ടാമത് 25% സമയത്തിന് പി.എ.സി. തുകയുടെ 2% വുമാണ് പുതുക്കിയ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് ഈടാക്കേണ്ടുന്ന പിഴ. ഈപ്രവൃത്തിയുടെ പൂർത്തീകരണത്തിന് കരാർ പ്രകാരം ലഭ്യമാകുന്ന കാലയളവ് 81ദിവസങ്ങളാണ്. പ്രവൃത്തിയുടെ കാലതാമസം 22 ദിവസങ്ങൾ ആണ്. ഇത് പ്രവൃത്തി പൂർത്തിയാക്കേണ്ടുന്ന കാലയളവിന്റെ 25% ത്തിലും അധികമാണ്. അതിനാൽ പി.എ.സിതുകയുടെ 3% തുക ₹ 3,894 പിഴയിനത്തിൽ ഈടാക്കേണ്ടതുണ്ട്. പ്രസ്തുത തുക ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കേണ്ടതാണ്. കരാറുകാരൻ പ്രവൃത്തി 22.4.2016 വരെ ദീർഘിപ്പിച്ചുതരണമെന്ന് ആവശ്യപെട്ടിട്ടില്ല.

ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 12 തീയതി 5.8.2017) നൽകിയ മറുപടിയിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-10 കാലി ബാരൽ വില, കരാർ ദീർഘീകരണ പിഴഎന്നിവ ഈടാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| പ്രൊജക്ട് നം. | 73/17 |
| പ്രൊജക്ട് - | മൂർക്കോത്ത് മുക്ക് -കുളി ബസാർറോഡ് റീടാറിംഗ് &ഡ്രൈയിനേജ് |
| പ്രോജക്ട് ചെലവ് | 3,89,656 |
| ബിൽ നം. തീയതി | 3/31.3.2017 |
| പി.എ.സി. തുക | 4,09,254 |

| | |
|---|---|
| കരാറുകാരൻ | ശ്രീ.പ്രമോദൻ.കെ.സി |
| ടെണ്ടർ അംഗീകാരം നം &തീയതി | 11/2017 തീയതി 17.1.2017 |
| സെലക്ഷൻ നോട്ടീസ് തീയതി | P/73 /16017 തീയതി 21.1.2017 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | ഇല്ല |
| കരാർ | AE/LSGD/ERY-9/16-17തീയതി 13.2.2017 |
| പ്രവൃത്തി മൂല്യം | 3,89,656 |
| എം.ബുക്ക് | 9/16-17 |

1- കാലി ബാരൽ വില ഈടാക്കാത്തത്

ഈ പ്രവൃത്തിയ്ക്ക് വേണ്ടി 17 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ബില്ലിൽ നിന്നും

കാലി ബാരൽ വില ഈടാക്കിയിട്ടില്ല.(കാലി ബാരൽ വിലയുടെ വാറ്റ് ഈടാക്കിയിട്ടുണ്ട്)

ബിൽ തുക നൽകുമ്പോൾ കാലി ബാരൽ വില ഈടാക്കുവാൻ വിട്ടുപോയതാണെന്നും ,തുക ഈടാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക (നം 13 തീയതി 5.8.2017) മറുപടി നൽകിയിട്ടുണ്ട്. 17 ബാരൽ ബിറ്റുമിന്റെ വിലയായ ₹ 4,046 ഈടാക്കേണ്ടതാണ്.

2- കരാർ വയ്ക്കാൻ വൈകിയത്

ജി . ഒ. (പി) നമ്പർ 13/2012/പി.ഡബ്ള്യൂ.ഡി. തീയ്യതി 01-02-2012 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പി.ഡബ്ള്യൂ.ഡി മാന്വൽ ഖണ്ഡിക2009.6 വ്യവസ്ഥ പ്രകാരം ടെണ്ടർ സ്വീകരിച്ച് 14 ദിവസത്തിനകം കരാർ വക്കേണ്ടതും , കരാർ വക്കാൻ സാധിച്ചില്ലെങ്കിൽ അടുത്ത 10 ദിവസത്തിനകം (സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ ) കരാർ തുകയുടെ 1% പിഴ ഈടാക്കി (മിനിമം 1,000 മാക്സിമം 25,000) കരാർ വക്കേണ്ടതാണ്. എന്നാൽ പിഴ ₹ 4,093ഈടാക്കിയിട്ടില്ല

കാലി ബാരൽ വില , പിഴ എന്നിവ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-13 തീയതി 5.8.2017)മറുപടി നൽകിയിട്ടുണ്ട്

## 3-11 കരാർ വയ്ക്കാൻ വൈകിയത്- പിഴ ഈടാക്കിയിട്ടില്ല

ജി . ഒ. (പി) നമ്പർ 13/2012/പി.ഡബ്ള്യൂ.ഡി. തീയ്യതി 01-02-2012 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പി.ഡബ്ള്യൂ.ഡി മാന്വൽ ഖണ്ഡിക2009.6 വ്യവസ്ഥ പ്രകാരം ടെണ്ടർ സ്വീകരിച്ച് 14 ദിവസത്തിനകം കരാർ വക്കേണ്ടതും , കരാർ വക്കാൻ സാധിച്ചില്ലെങ്കിൽ അടുത്ത 10 ദിവസത്തിനകം (സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ ) കരാർ തുകയുടെ 1% പിഴ ഈടാക്കി (മിനിമം 1,000 മാക്സിമം 25,000) കരാർ വക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവത്തികളിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനിയർ

1-

| | |
|---|---|
| പ്രൊജക്ട് നം. | 89/16, |
| പ്രൊജക്ട് - | മുണ്ടോളി വയൽ കിണർ,കുളിമുറി നിർമ്മാണം |
| പ്രോജക്ട് ചെലവ് | 1,39,539 |
| ബിൽ നം. തീയതി | 1/20.3.2017 |
| പി.എ.സി. തുക | 1,29,791 |
| കരാറുകാരൻ | ശ്രീ.രഘുറാം |
| ടെണ്ടർ അംഗീകാരം നം &തീയതി | 105/15 (6)(1) തീയതി 30.9.2015 |
| സെലക്ഷൻ നോട്ടീസ് തീയതി | ഇല്ല |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | ഇല്ല |
| കരാർ | AE/LSGD/ERY/25/15-16 തീയതി 31.12.2015 |
| പ്രവൃത്തി മൂല്യം | 1,30,996 |
| എം.ബുക്ക് | 42/15-16 |
| കരാർ വയ്ക്കാൻ വൈകിയ കാലയളവ് | 3 മാസം |

2)

| | |
|---|---|
| പ്രൊജക്റ്റ് നം. | 74/17 |
| പ്രൊജക്റ്റ് - | മഠത്തുംഭാഗം പോസ്റ്റോഫീസ് റോഡ് ഡ്രൈയിനേജ് |
| പ്രോജക്റ്റ് ചെലവ് | 2,05,000 |
| ബിൽ നം. തീയതി | 4/31.3.2017 |
| പി.എ.സി. തുക | 2,49,424 |
| കരാറുകാരൻ | ശ്രീ.കെ.സി .ദിജീഷ് കുമാർ |
| ടെണ്ടർ അംഗീകാരം നം &തീയതി | തീയതി 17.1.2017 |
| സെലക്ഷൻ നോട്ടീസ് തീയതി | p-74/16-17 തീയതി 21.1.2017 |
| സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി | ഇല്ല |
| കരാർ നം,തീയതി | AE/LSGD/ERY-14/16-17 തീയതി 23.2.2017 |
| പ്രവൃത്തി മൂല്യം | 2,46,610 |
| എം.ബുക്ക് | 2/16-17 |
| കരാർ വയ്ക്കാൻ വൈകിയ കാലയളവ് | 1 മാസം |

2016-17 വർഷം നടപ്പിലാക്കിയ മിക്ക പ്രവൃത്തികൾക്കും കൃത്യമായ സമയത്തിനകം കരാർ ചമച്ചിട്ടില്ല. എന്നാൽ ഇവ പരിശോധിക്കുന്നതിനാവശ്യമായ സെലക്ഷൻ നോട്ടീസ്, സെലക്ഷൻ നോട്ടീസ് കൈപ്പറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പൂർത്തീകരണ തീയതി കരാറിൽ രേഖപ്പെടുത്തുന്നില്ല. മേൽ പറഞ്ഞ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -24തീയതി 9.8.2017) മറുപടി നൽകിയിട്ടുണ്ട്.

## 3-12 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

2016-17 വർഷത്തിൽ താഴെ പറയും പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ&പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക/ബിൽ നമ്പർ,തീയ്യതി | കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 55/17<br>പി.എം.എ.വൈ | അടങ്കൽ – 40000/- | 20,000/-<br>4/16-17/20-03-17 | തലശ്ശേരി ബ്ലോക്ക് |

| | | | | |
|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് വിഹിതം | (വികസന ഫണ്ട്) വി.ഇ.ഒ ചെലവ് 20000/- | | പഞ്ചായത്ത് |
| 2 | 36/17<br>എസ്.എസ്.എ ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ | വികസന ഫണ്ട് അടങ്കൽ 1049249/- ഹെഡ്മാസ്റ്റർ ചെലവ് 1049249/- | 10,49,249/-<br>1/16-17/27-10-16 | സർവ്വ ശിക്ഷാ അഭിയാൻ |
| 3 | 99 /2017.<br>എ.ബി.സി പദ്ധതി വിഹിതം കൈമാറൽ | അടങ്കൽ – 100000/- (വികസന ഫണ്ട്) സെക്രട്ടറി. ചെലവ് 100000/- | ₹ 100000<br>15 / 16-17 ,18.2.17. | കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറി |

മേൽ തുകകൾക്കുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ആകെ | പ്രോജക്ടുകളുടെ വിവരം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2,00,000 | 2,00,000 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ | ഇല്ല | 2,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,21,700 | 2,21,700 | അംഗൻവാടി നിർമ്മാണം &<br>ഗാർഹീക കുടിവെള്ള | ഇല്ല | 2,21,700 |

| | | | | | |
|---|---|---|---|---|---|
| | | | കണക്ഷൻ | | |

നീക്കിയിരിപ്പുള്ള തുക വിനിയോഗിക്കുകയോ അല്ലാത്ത പക്ഷം അതാത് സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

വാർഷീക കണക്കിൽ RP -31 ൽ ഉൾപ്പെട്ട ജില്ലാപഞ്ചായത്ത് വിഹിതം യഥാർത്ഥ വരവല്ല. ഫൈനൽ ജേണൽ എൻട്രിയുടെ ഭാഗമായി വന്നതാണെന്നാണ് വിശദീകരിച്ചത്.

## **4-2** നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നം | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ചതിന്റെ വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KSEB | തെരുവ് വിളക്ക് ലൈൻ വലിക്കൽ 48/17 | ചെക്ക് നം 8333662 തീയതി 16.3.2017 | 4,28,465 | 4,28,465 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | ഇല്ല |
| | | ചെക്ക് നം 8333677 തീയതി 23.3.2017 | 5,40,000 | 5,40,000 | | |
| | | ചെക്ക് നം 8333645 തീയതി 3.3.2017 | 75,600 | 75,600 | | |
| KWA | അംഗൻവാടികൾക്ക് | ബിൽ 11/31.3.2017 | 80,000 | 80,000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | വാട്ടർ കണക്ഷൻ 12/17 | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1999-2000 പദ്ധതി വിഹിതം | 2003-04 5.7 | 3-13-16 ന് ശേഷമുള്ള മറ്റ് പരാമർശങ്ങൾ | 3-13-16 ശുദ്ധജല വിതരണ പദ്ധതി സ്ഥലമെട്ടപ്പ് | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 2011-12 3-2 | 2-6 ക്രമ നമ്പർ 24 | അനർട്ടിലെ നിക്ഷേപം | പരാമർശം നിലനിൽക്കുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| തൻവർഷത്തെ വരവ് | 3,33,37,891.00 |
| തൻവർഷത്തെ ചെലവ് | 3,06,36,907.00 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 4,046 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,91,650 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| | | | |
| 3-10 | | 4,046 | ശ്രീ.ജയരാജ്.(അസിസ്റ്റന്റ് എഞ്ചിനിയർ ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 20,000 | ഡോ.ഫഹദ് നിജിൽ (മെഡിക്കൽ ഓഫീസർ-പിഎച്ച് സി) |
| 3-7 | 1,71,650 | ശ്രീ. ഭാസ്കരൻ കെ.<br>സെക്രട്ടറിയുടെ അധിക ചുമതല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 ഓഡിറ്റ് ഇംപാക്ട്

താഴെപറയുന്ന തുക ഓഡിറ്റ് തടസ്സവാദത്തെതുടർന്ന് തിരിച്ചടച്ചു

| ക്രമ നം | എൻക്വയറി നം | വിഷയം | തുക | രശീതി നം | തുക ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | 14തീയതി 5.8.2017 | ടെണ്ടർ കുറവ് ചെയ്യാത്തത് | 1,829 | 117080101438 തീയതി 7.8.2017 | ശ്രീ ലനീഷ് കെ.പി., കരാറുകാരൻ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93,93-94 | എൽ.എഫ്./സി.8 /1423/2014(1)തീ.5-12-2014 | 5 |
| 1996-97 | എൽ.എഫ്./സി.8 /1423/2014((എ )സംക്ഷിപ്ത വിവരം) തീ.5-12-2014 | 4 |
| 1999-00 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(3)തീ.5-12-2014 | 3 |
| 1999-00(പദ്ധതി വിഹിതം) | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(4)തീ.5-12-2014 | 8 |
| 2001 -02(പദ്ധതി വിഹിതം) | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(5)തീ.5-12-2014 | 5 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(6)തീ.5-12-2014 | 14 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(7)തീ.5-12-2014 | 14 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(8)തീ.5-12-2014 | 4 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(9)തീ.5-12-2014 | 10 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ/സി.2 /973/09തീ.18-9-2010 | 7 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1423/2014(10)തീ.5-12-2014 | 13 |
| 2008-09 | എൽ.എഫ്.കെ.എൻ.ആർ/സി.2 /57/11തീ.18-12-2011 | 16 |

| | | |
|---|---|---|
| 2009-10,2010-11,2011-12 | എൽ.എഫ്.കെ.എൻ.ആർ/സി.8 /1/13തീ.10-4-2013 | 46 |
| 2012-13 | എൽ.എഫ്.കെ.എൻ.ആർ/സി.8 /379/2015തീ.8-5-2015 | 9 |
| 2013-14<br>2014-15 | കെ.എസ്.എ/കെ.എൻ.ആർ /സി.8/1424/16തീ.3-8-2016 | 14 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ /സി.7/2129/16തീ.1-2-2017 | 16 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ /കെ.എൻ.ആർ./സി.7/14912017

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കണ്ണൂർ

ഇ-മെയിൽ:doknr.ksad@kerala.gov.in

Phone:0497-2707698.

Date: 11.10.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്

രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളും അവലംബിച്ചും കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഗ്രാമ പഞ്ചായത്ത് എരഞ്ഞോളിഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

KSA-KNR/C.7/1491/2017

Kerala State Audit Department,

DistrictAudit Office,Kannur-670001.

e-Mail:lfaddistofficeknr@gmail.com

Phone:0497-2707698.

Date: 11.10.2017

Certified that I have audited the annual Financial Statement of ERANHOLI Gramapanchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of that I have audited the annual Financial Statement of ERANHOLI Gramapanchayat for the year 2016-17 except the observation in my audit report properly presents the picture of income and expenditure.

Deputy Director,

Kerala State Audit Department,
District Audit Office, Kannur.

## അനുബന്ധം -2

# Receipt And Payment Statement

| Eranholi Grama Panchayat Receipt And Payment Statement For the period from 01-April-2016 To 31-March-2017 | | | | |
|---|---|---|---|---|
| *Code* | *Head Account* | | *Schedule* | *Amount(Rs.)* |
| | Opening Balance | | | |
| | Bank | | RP-40(a) | 1,56,34,334.28 |
| | Cash | | RP-40(a) | 78,656.00 |
| | Receipts | | | |
| Operating | | | | |
| 110000000 | Tax Revenue | | RP-1 | 15,87,990.00 |

| | | | | |
|---|---|---|---|---|
| 140000000 | Fees & User Charges | | RP-4 | 5,71,015.00 |
| 150000000 | Sale & Hire Charges | | RP-5 | 54,665.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | | RP-7 | 89,77,476.00 |
| 171000000 | Interest Earned | | RP-9 | 45,328.00 |
| 320000000 | Grants, Funds & Contributions for Specific Purposes | | RP-31 | 1,55,65,015.00 |
| 350000000 | Other Liabilities | | RP-36 | 12,58,053.00 |
| 431000000 | Sundry Debtors (Receivables) | | RP-43 | 79,103.00 |
| Non Operating | | | | |
| | | | | |
| 180000000 | Other Income | | RP-10 | 0.00 |
| 311000000 | Earmarked Funds | | RP-29 | 27,237.00 |
| 340000000 | Deposits Received | | RP-34 | 41,175.00 |
| 350000000 | Other Liabilities | | RP-36 | 1,99,043.00 |
| 431000000 | Sundry Debtors (Receivables) | | RP-43 | 39,63,486.00 |
| 460000000 | Loans, Advances and Deposits | | RP-47 | 9,68,305.00 |
| Grand Total | | | | 4,90,50,881.28 |
| | Payments | | | |
| Operating | | | | |
| 210000000 | Establishment Expenses | | RP-11 | 20,87,965.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 7,37,793.00 |
| 230000000 | Operations & Maintenance | RP-13 | 12,32,351.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 26,82,236.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 74,67,900.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1,81,000.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 2,74,930.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentrali | RP-19 | 7,54,889.00 |
| 255000000 | Maintenance Projects | RP-20 | 14,28,724.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1,07,238.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 3,06,388.00 |
| 280000000 | Prior Period Item | RP-26 | -16.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5,70,000.00 |
| 350000000 | Other Liabilities | RP-36 | 48,62,114.00 |
| Non Operating | | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 513.00 |
| 340000000 | Deposits Received | RP-34 | 30,700.00 |
| 341000000 | Deposit Works | RP-35 | 0.00 |
| 350000000 | Other Liabilities | RP-36 | 16,50,990.00 |
| 410000000 | Fixed Assets | RP-38 | 24,16,701.00 |
| 412000000 | Capital Work In Progress | RP-40 | 30,97,921.00 |
| 420000000 | Investments | RP-41 | 0.00 |
| 460000000 | Loans, Advances and Deposits | RP-47 | 7,46,570.00 |
| | Closing Balance | | |
| | Bank | RP-40(b) | 1,83,68,836.28 |
| | Cash | RP-40(b) | 45,138.00 |
| Grand Total | | | 4,90,50,881.28 |

## അനുബന്ധം -3

# Income & Expenditure Statement

| | | | | | |
|---|---|---|---|---|---|
| Eranholi Grama PanchayatIncome & Expenditure Statement<br>For the period from 01-April-2016 to 31-March-2017 | | | | | |
| *Code* | *Head Of Account* | *Schedule* | *Amount(Rs.)* | | |
| Income | | | | | |
| 110000000 | Tax Revenue | I-1 | 44,07,152.00 | | |
| 140000000 | Fees & User Charges | I-4(b) | 6,23,115.00 | | |
| | | | | | |
| 150000000 | Sale & Hire Charges | I-5(b) | 54,665.00 | | |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 6,90,39,655.00 | | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 171000000 | Interest Earned | I-8 | 45,328.00 | | |
| 180000000 | Other Income | I-9 | | | |
| A | Total-Income | | 7,41,69,915.00 | | |
| Expenditure | | | | | |
| 210000000 | Establishment Expenses | I-10(b) | (72,49,119.00) | | |
| 220000000 | Administrative Expenses | I-11(b) | (7,37,793.00) | | |
| 230000000 | Operations & Maintenance | I-12(b) | (13,24,001.00) | | |
| 240000000 | Interest & Finance Charges | I-13 | (513.00) | | |
| 250000000 | Decentralised Plan Programme - Productive Sector | I-14 | (60,86,279.00) | | |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | (95,57,057.00) | | |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | (1,81,000.00) | | |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | (2,74,930.00) | | |

| | | | | | |
|---|---|---|---|---|---|
| | Division | | | | |
| | | | | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | (4,36,97,509.00) | | |
| | | | | | |
| 255000000 | Maintenance Projects | I-14(e) | (14,28,724.00) | | |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | (1,07,238.00) | | |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | (3,06,388.00) | | |
| 272000000 | Depreciation | I-17(a) | (11,10,917.00) | | |
| B | Total-Expenditure | | (7,20,61,468.00) | | |
| C = A-B Gross Surplus/Deficit of Income over Expenditure | | | | | |
| | | | 21,08,447.00 | | |
| D= | 280000000 | Prior Period Item | | I-18 | (15,10,359.00) |

| | | | | | |
|---|---|---|---|---|---|
| E = C-D | *Gross Surplus/Deficit of Income over Expenditure after prior period items* | | 5,98,088.00 | | |
| | | | | | |
| 290000000 | Transfer to Reserve Funds | | | | |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | | | |
| | | | | | |

## അനുബന്ധം -4

# BALANCE SHEET

| Eranholi Grama Panchayat BALANCE SHEET<br>As on 31-March-2017 | | |
|---|---|---|
| Description of Items | Schedule No | Amount |
| LIABILITIES | | |
| Reserve& Surplus | | |
| Muncipal (General) Fund [Code No 310] | B-1 | 17180842.19 |
| Earmarked Funds | B-2 | 63761.00 |
| Reserves | B-3 | 27603166.00 |
| *Total Reserve& Surplus* | | 44847769.19 |
| Grants,Contributions for specific purposes | | |
| Grants, Funds & Contributions for Specific Purposes | B-4 | 1333980.09 |
| *Total Grants,Contributions for specific purposes* | | 1333980.09 |
| Current Liabilities and Provisions | | |

| | | |
|---|---|---|
| Deposits Received | B-7 | 826605.00 |
| Deposit Works | B-8 | 0.00 |
| Other Liabilities | B-9 | 1053844.00 |
| *Total Current Liabilities and Provisions* | | 1880449.00 |
| TOTAL LIABILITIES | 48062198.28 | |
| ASSETS | | |
| Fixed Assets | | |
| Fixed Assets | B-11 | 33129421.00 |
| Accumulated Depreciation | B-11 | (3902398.00) |
| Capital Work In Progress | B-11(a) | 0.00 |
| *Total Fixed Assets* | | 29227023.00 |
| Investments | | |
| Investments | B-12 | 0.00 |
| *Total Investments* | | 0.00 |
| Current Assets,Loans and Advances | | |
| Sundry Debtors (Receivables) | B-15 | 214386.00 |
| Cash and Bank balance | B-17 | 18413974.28 |
| Loans, Advances and Deposits | B-18 | 206815.00 |
| *Total Current Assets,Loans and Advances* | | 18835175.28 |
| TOTAL ASSETS | 48062198.28 | |